I/321098/2023

<u>മേലെഴുത്ത് നമ്പർ DT/1930/2023-A5 തിയതി :11-04-2023</u>

സർക്കാർ കുറിപ്പ് അറിവിലേക്കും തുടർ നടപടികൾക്കുമായി നൽകുന്നു

MINI MATHEW, JD DT TVPM, O/O JD DTTVPM

സ്വീകർത്താവ്:- എല്ലാ സ്ഥാപനമേധാവികൾക്കും

പകർപ്പ് :- TA / JAA(T) (ട്രെയിനിംഗ് ഡയറക്ടറേറ്റ്)

0078182/2023

10 APR 2023

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.എഫ്2/70/2023-ആഭ്യന്തരം
ആഭ്യന്തര(എഫ്) വകുപ്പ്
തിരുവനന്തപുരം,
തീയതി: 01-04-2023

## കുറിപ്പ്

വിഷയം:- ആഭ്യന്തര വകുപ്പ് - ഫയർ & റെസ്ക്യൂ സർവ്വീസസ്-വേനൽക്കാലം ആരംഭിച്ചതോടെ സംസ്ഥാനത്തുണ്ടാകുന്ന അഗ്നിബാധകളിലെ വൻവർദ്ധനവ് - സംബന്ധിച്ച്-

സൂചന:- കേരള ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 13.03.2023-ലെ എഫ്3-3772/2021 നമ്പർ കത്ത്

വേനൽക്കാലം ആരംഭിച്ചതോടെ സംസ്ഥാനത്ത് ഉണ്ടാകുന്ന അഗ്നിബാധകൾ ഒഴിവാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വനവും വന്യജീവിയും വകുപ്പ്, കെ.എസ്.ഇ.ബി., മറ്റു വകുപ്പുകൾ എന്നിവ സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് സൂചന പ്രകാരം ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ ലഭ്യമാക്കിയ മാർഗനിർദ്ദേശങ്ങൾ അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് അനുയോജ്യമായ നടപടി സ്വീകരിക്കുന്നതിനായി ടി വകുപ്പുകൾക്ക് കൈമാറാവുന്നതാണ്.

RAJENDRAN CHETTIYAR K
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

തദ്ദേശസ്വയംഭരണ വകുപ്പ്.
വനവും വന്യജീവിയും വകുപ്പ്.
ഊർജ്ജ വകുപ്പ്.
എല്ലാ വകുപ്പ് മേധാവികൾക്കും.
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Anitha Raj V
Date: 01-04-2023 15:31:07
സെക്ഷൻ ഓഫീസർ

## അനുബന്ധം

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പാലിക്കേണ്ട മുൻകരുതലുകൾ

1. അഗ്നി രക്ഷാ സേനയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് വെള്ളം ഉറപ്പുവരുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള കുളങ്ങൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവ വൃത്തിയാക്കി ജലലഭ്യത ഉറപ്പ വരുത്തുക.

2. അഗ്നി രക്ഷാ വകുപ്പ് വിവിധ വിഭാഗങ്ങളിലുള്ള കെട്ടിടങ്ങളിൽ ഫയർ ആഡിറ്റ് നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുക.

3. പാഴ് വസ്തു സംഭരണശാലകളിൽ മതിയായ അഗ്നിശമന സംവിധാനങ്ങളായ ഹൈഡ്രന്റ് സംവിധാനം, ഫയർ പമ്പ് എന്നിവ സ്ഥാപിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക. മതിയായ എണ്ണം ഫയർ വാച്ചർമാരെ നിയോഗിക്കുക. മതിയായ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുക.

4. മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനോടൊപ്പം ഉപയോഗശൂന്യമായ ലിഥിയം അയണിന്റെ ബാറ്ററികൾ നിക്ഷേപിക്കാതിരിക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുക.

5. പൊതുസ്ഥലങ്ങളിൽ തീയിടുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുക.

6. പ്ലൈവുഡ് ഫാക്ടറികൾക്ക് വിവിധ വകുപ്പുകളുടെ ക്ലിയറൻസ് ലഭ്യമായിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയതിനു ശേഷം മാത്രം അംഗീകാരം നൽകുക.

7. പ്ലൈവുഡ് ഫാക്ടറികൾ വിപുലീകരിക്കുന്ന പക്ഷം അഗ്നിരക്ഷാ വകുപ്പിന്റെ ക്ലിയറൻസ് നിർബന്ധമാക്കുക.

8. വ്യവസായ സ്ഥാപനങ്ങളിൽ മതിയായ അഗ്നിശമന മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും ശരിയായ മാലിന്യ നിർമാർജ്ജന പദ്ധതി നടപ്പാക്കുകയും ചെയ്യുക.

### ഫോറസ്റ്റ് വകുപ്പ് ഉറപ്പാക്കേണ്ട മുൻകരുതലുകൾ

1. മുൻ വർഷങ്ങളെ അപേക്ഷിച്ച ക്രമാതീതമായി കാട്ടുതീ വർദ്ധിച്ച സാഹചര്യത്തിൽ മതിയായ ഫയർലൈൻ സ്ഥാപിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.

2.വനത്തിനുള്ളിലെ കുളങ്ങൾ മറ്റ് ജലസ്രോതസ്സുകൾ എന്നിവ വൃത്തിയാക്കി ജലലഭ്യത ഉറപ്പുവരുത്തുക.

3. ഫോറസ്റ്റ് വാച്ചർമാർ ബീറ്റ് ഫോറസ്റ്റ് ഉദ്യോഗസ്ഥർ എന്നിവർക്ക് അഗ്നിശമന വകുപ്പിന്റെ നേതൃത്വത്തിൽ നൽകുന്ന അഗ്നിശമന പ്രവർത്തനങ്ങളിൽ പ്രായോഗിക പരിശീലനം നേടുക.

4. സ്ഥിരമായി കാട്ടുതീ ഉണ്ടാകുന്ന മേഖലകളിൽ നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുക.

5. വനത്തിനുള്ളിലേക്കുള്ള പ്രവേശന വഴികൾ ഗതാഗതയോഗ്യമാണെന്ന് ഉറപ്പ് വരുത്തുക.

6. വനപ്രദേശത്തെ ജനവാസ മേഖലയിൽ കാട്ടുതീ തടയുന്നതിനും മാലിന്യം കൂട്ടിയിട്ട് തീ കത്തിക്കുന്നതിനും എതിരെ ട്രൈബൽ ഏരിയയിലുള്ളവരെയും ഉൾപ്പെടുത്തി ബോധവൽക്കരണം നടത്തുക.

7. വേനൽക്കാലത്ത് കൂടുതലായി ഫോറസ്റ്റ് വാച്ചർമാരെ നിയോഗിക്കുക.

8. കാട്ടുതീ ശ്രദ്ധയിൽപെടുമ്പോൾ സമയം നഷ്ടപ്പെടാതെ 101 നമ്പറിൽ വിളിച്ച് അഗ്നിരക്ഷാ സേനയെ വിവരം അറിയിക്കുക.

**<u>കെ എസ് ഇ ബി ഉറപ്പുവരുത്തേണ്ടത്</u>**

1. സബ്സ്റ്റേഷൻ, ട്രാൻസ്ഫോമർ എന്നിവയുടെ സമീപമുള്ള പുല്ലുകൾ മറ്റ് വേസ്റ്റുകൾ എന്നിവ ഒഴിവാക്കി വൃത്തിയാക്കി സൂക്ഷിക്കുക.

2. ഇലക്ട്രിക് ലൈനിന് സമീപത്തോ മുകളിലായോ നിൽക്കുന്ന അപകട സാധ്യതയുള്ള ശിഖരങ്ങൾ മുറിച്ചു മാറ്റുക.

3. ഇലക്ട്രിക് സബ്സ്റ്റേഷനിലെ അഗ്നിശമന സംവിധാനങ്ങൾ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്തുക.

**<u>സർക്കാർ വക കെട്ടിടങ്ങൾ</u>**

1. മതിയായ അഗ്നിശമന സംവിധാനം സ്ഥാപിച്ചിട്ടുണ്ടോ എന്നും സ്ഥാപിച്ചവ പ്രവർത്തന ക്ഷമമാണെന്നും ഉറപ്പുവരുത്തുക.

2. പ്രാഥമിക അഗ്നിശമന ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ജീവനക്കാർക്ക് മതിയായ പ്രായോഗിക പരിശീലനം ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.

3. സർക്യൂട്ട് ബ്രേക്കർ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്തുക.

4. സ്റ്റോർ റൂമുകൾ കൃത്യമായ ഇടവേളകളിൽ പരിശോധിക്കുക.

5. വയറിംഗ് സംവിധാനത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുക.

6. ഓഫീസുകളിൽ ജ്വലന സാധ്യതയുള്ള ഇന്ധനങ്ങൾ സൂക്ഷിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക.

7. ചപ്പുചവറുകൾ ഓഫീസ് പരിസരത്ത് കൂട്ടിയിട്ട് കത്തിക്കാതിരിക്കുക.